**യ ഏവം കർമ്മ നിയതം വിദ്വാൻ കുർവീത മാനവ:**
**കർമണാ തേന രാജേന്ദ്ര ജ്ഞാനേ ന സ ലിപ്യതേ (4-26-7)**
**അന്യഥാ കർമ്മ കുർവാണോ മാനാരൂഢോ നിബധ്യതേ**
**ഗുണപ്രവാഹപതിതോ നഷ്ടപ്രജ്ഞോ വ്രജത്യധ: (4-26-8)**

നാരദമുനി തുടർന്നു: ഒരു ദിവസം രാജാവ് നായാട്ടിനു പോയി. അദ്ദേഹത്തിന്റെ കയ്യിൽ ഗംഭീരമായ ഒരു വില്ലും അമ്പൊഴിയാത്ത ആവനാഴിയും ഉണ്ടായിരുന്നു. അഞ്ചുകുതിരകളെ പൂട്ടിയ തേര്, അതിന് രണ്ട് ലംബങ്ങളും, രണ്ട് ചക്രങ്ങളും ഒരു അച്ചുതണ്ടും ഉണ്ടായിരുന്നു. മൂന്നു കൊടിമരങ്ങളും, അഞ്ചു കയറുകളും, ഒരു കടിഞ്ഞാണും, ഒരു തേരാളിയും, ഒരിരിപ്പിടവും ഉണ്ടായിരുന്നു. രണ്ടു തൂണുകളിലായി നുകവും, അഞ്ച് രഹസ്യഅറകളും, ഏഴു സുരക്ഷിതവലയങ്ങളും ഉണ്ടായിരുന്നു. അഞ്ചുകാര്യങ്ങൾ നടത്തുവാൻ ഈ രഥത്തിലിടമുണ്ടായിരുന്നു. നായാട്ടിനോട് അതീവ ഭ്രമമുണ്ടായിരുന്ന രാജാവ്, കാട്ടിൽ പോവാനുള്ള ധൃതിയിൽ, ഭാര്യയെ കൂടെ കൊണ്ടുപോയില്ല.

ആവശ്യാനുസരണമുള്ള നായാട്ട് ഒരു രാജാവിന്റെ അവകാശങ്ങളിൽപ്പെട്ടതത്രെ. ഇതു ജീവിതത്തിനു തന്നെയും ബാധകമാണ്. ഏതൊരുവൻ ധർമ്മത്തിനും കടമകൾക്കുമനുസരിച്ച് വർത്തിക്കുന്നുവോ ആ കർമ്മങ്ങൾ അയാളെ ബന്ധിക്കുന്നില്ല. കളങ്കപ്പെടുത്തുന്നുമില്ല. എന്നാൽ അഹങ്കാരത്തോടെ പ്രവർത്തി ക്കുന്നവനാകട്ടെ ത്രിഗുണങ്ങളുടെ വരുതിയിൽപ്പെട്ട് വിജ്ഞാനം നശിച്ച് പരിണാമദശകളുടെ പടികളിറങ്ങുകയാണ് ചെയ്യുന്നത്.

രാജാവ് ദയയില്ലാതെ, ആവശ്യങ്ങളില്ലെങ്കിലും കുറെയധികം മൃഗങ്ങളെ നായാടി കൊന്നു. അദ്ദേഹത്തിന്റെ ക്രൂരതയാൽ, വേദനയോടെ അനേകം മൃഗങ്ങൾ ചത്തുവീണു. മനസ്സിനു മതിയാവോളം നായാട്ടു നടത്തിയ ശേഷം, ക്ഷീണിതനായ രാജാവ് കൊട്ടാരത്തിലേക്ക് തിരിച്ചു. കുളികഴിഞ്ഞ് ഉൻമേഷവാനായി രാജാവ് വിശ്രമിച്ചു. അപ്പോൾ തന്റെ ഭാര്യയുടെ സാമീപ്യം കൊതിച്ച് ദാസികളോട് അവരെവിടെയെന്നു തിരക്കി. “സ്നേഹസമ്പന്നയായ അമ്മയുടേയും, ഭർത്താവിനെ ദൈവമായി കരുതുന്ന ഭാര്യയുടേയും സാമീപ്യം ആഗ്രഹിക്കാത്ത ഒരുവൻ താമസിക്കുന്ന വീട് സുഖപ്രദമോ സൗകര്യപ്രദമോ എന്നു പറഞ്ഞുകൂടാ. അതുകൊണ്ട്, എന്റെ രാജ്ഞി എവിടെയാണെന്ന് പറഞ്ഞുതന്നാലും. എനിക്കു വ്യസനം വരുമ്പോൾ സന്തോഷിപ്പിക്കുന്നവളും എല്ലാത്തരത്തിലും എന്റെ ഹൃദയത്തെ ഉല്ലസിപ്പിച്ച്, പ്രോത്സാഹിപ്പിച്ച് പ്രഭയേകുന്നവളുമായ എന്റെ പ്രിയപത്നി എവിടെയാണ് ?”

ദാസികൾ, രാജ്ഞികിടക്കുന്നയിടം രാജാവിന് കാണിച്ചുകൊടുത്തു. അസന്തുഷ്ടയും ദു:ഖിതയുമായിരുന്നു അവർ. രാജാവ് അസാധാരണായ ഈ കാഴ്ച്ചയിൽ അതീവ ദു:ഖിതനായി. അവളുടെ മുന്നിൽ മുട്ടുകുത്തി ആ കാലുകൾ സ്വന്തം മടിയിൽ എടുത്തുവെച്ചു. അവളെ ആലിംഗനം ചെയ്തു തലോടി ആശ്വസിപ്പിക്കാൻ ആവതെല്ലാം രാജാവു ചെയ്തു. അദ്ദേഹം ചോദിച്ചു. “അല്ലയോ സുന്ദരീ, ആരെങ്കിലും നിന്നെ അപമാനി ക്കുകയൊ നിന്നോട് അപമര്യാദയായി പെരുമാറുകയോ ചെയ്തുവോ? ആരാണെങ്കിലും അവരെ ഞാൻ കഠിനമായി ശിക്ഷിക്കുന്നുണ്ട്. മുനിമാരോ ദൈവഭക്തന്മാരോ ഒഴികെ ആരേയും ശിക്ഷിക്കാൻ രാജാവിന് അധികാരമുണ്ട്. കുറ്റം ചെയ്തവന് ശിക്ഷ ഒരനുഗ്രഹമാണ്. കാരണം, ആ ശിക്ഷ, ദൈവത്തിന്റെ തന്നെ മഹിമയും ദയാവായ്പ്പുമത്രെ. എന്നോട് കരുണ കാണിച്ചാലും. പ്രിയതമേ. നായാട്ടിന് കൂടെ കൊണ്ടുപോവാതെ ഞാൻ നിന്നോട് അപമര്യാദ കാണിച്ചു. എന്നോടു ക്ഷമിക്കൂ. നിന്റെ മുഖം ഒരിക്കലുമിങ്ങനെ ദു:ഖാകുലമായി ഞാൻ കണ്ടിട്ടില്ലല്ലോ. എന്നോട് പ്രേമവും ക്ഷമയും കാട്ടിയാലും.”